പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4576 17.12.2014 ലെ മറുപടിയ്ക്ക്

## കെ.ടി.ഡി.സി. യിലെ നിയമനങ്ങൾ

| ചോദ്യം<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.ടി.ഡി.സി.യിൽ ഇതുവരെ എത്ര നിയമനങ്ങളാണ് നടന്നതെന്നും അതിൽ സ്ഥിരവും താല്ക്കാലികവും എത്രയെന്നും വ്യക്തമാക്കുമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.ടി.ഡി.സി.യിൽ സ്ഥിരം തസ്തികയിൽ 28 പേരെയും താൽക്കാലിക അടിസ്ഥാനത്തിൽ 59 പേരെയും നിയമിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത നിയമനങ്ങൾക്ക് എന്തെല്ലാം മാനദണ്ഡങ്ങളാണ് പാലിച്ചതെന്ന് വിശദമാക്കുമോ ; | ബി) | താൽക്കാലിക നിയമനങ്ങൾ 24.10.2002 ലെ 57929/TB1/2002/GAD നമ്പർ സർക്കാർ കത്ത് പ്രകാരമാണ് നടത്തിയിട്ടുള്ളത്. ഇതു പ്രകാരം അത്യാവശ്യ ഘട്ടങ്ങളിൽ ഏതെങ്കിലും തൊഴിലാളിയുടെ സേവനം കോർപ്പറേഷന് ഉപകാരപ്രദമാണെന്ന് തോന്നുന്നപക്ഷം ഒരു വർഷത്തിൽ കവിയാത്ത കാലാവധിക്ക് കരാർ നിയമനം നൽകാൻ കെ.ടി.ഡി.സി. മാനേജിംഗ് ഡയറക്ടർക്ക് അനുവാദം നൽകിയിട്ടുണ്ട്. പി.എസ്.സി. മുഖേന 15 പേർക്കും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് / പത്രപരസ്യം എന്നിവ വഴി 8 പേർക്കും ആശ്രിത നിയമനം വഴി 5 പേർക്കും ആണ് സ്ഥിരം തസ്തികയിൽ നിയമനം നൽകിയിട്ടുള്ളത്. |
| സി) | പുതുതായി ഏതെല്ലാം തസ്തികകളാണ് സൃഷ്ടിച്ചതെന്നും അതിൽ വിജിലൻസ് ഓഫീസർ തസ്തിക ഉൾപ്പെട്ടിട്ടുണ്ടോ എന്നും അറിയിക്കുമോ; ഉണ്ടെങ്കിൽ പ്രസ്തുത തസ്തികയുടെ പ്രായപരിധിയും യോഗ്യതയും എന്താണെന്നും നിലവിൽ പ്രസ്തുത തസ്തികയിലുള്ളതാരാണെന്നും അവർക്ക് മേൽ നിബന്ധനകൾ ബാധകമാക്കിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ: | സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.ടി.ഡി.സി.യിൽ പുതുതായി തസ്തികകൾ ഒന്നും സൃഷ്ടിച്ചിട്ടില്ല. കെ.ടി.ഡി.സി.യിൽ വിജിലൻസ് ഡിവിഷൻ ആരംഭിക്കുന്നതിന്റെ ഭാഗമായി 2004 ലാണ് ഡെപ്യൂട്ടേഷൻ /കരാർ വ്യവസ്ഥയിൽ വിജിലൻസ് ഓഫീസറെ നിയമിക്കുവാൻ തീരുമാനിച്ചത്. നിലവിൽ പോലീസ് വകുപ്പിൽ നിന്നും DYSP ആയി വിരമിച്ച ശ്രീ. കെ.ജെ.സ്കറിയയെ ആണ് പ്രസ്തുത തസ്തികയിൽ കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്നത്. ഈ തസ്തികയ്ക്ക് പ്രായപരിധി നിശ്ചയിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| ഡി) | ഏതെങ്കിലും നിയമനവുമായി ബന്ധപ്പെട്ട് ബഹു. കോടതിയിൽ ഏതെങ്കിലും കേസുകൾ നിലവിലുണ്ടോ; കേസ് നിലനിൽക്കെ അതേ തസ്തികയിലുള്ളവർക്ക് കാലാവധി ദീർഘിപ്പിച്ചുകൊടുത്തിട്ടുണ്ടോ; വിശദമാക്കുമോ | ഡി) | കെ.ടി.ഡി.സി.യിലെ ചില നിയമനങ്ങളുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതിയിൽ കേസുകൾ നിലവിലുണ്ട്. വിജിലൻസ് ഓഫീസറായ ശ്രീ.കെ.ജെ.സ്കറിയയുടെ നിയമനവുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതിയിൽ കേസ് നിലവിലുണ്ടെങ്കിലും ബഹു. കേരള ഹൈക്കോടതിയുടെ അന്തിമ ഉത്തരവിനു വിധേയമായി കാലാവധി ദീർഘിപ്പിച്ചുകൊടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ